ടൂറിസം റിസോഴ്സ് ഡയറക്ടറി

(കരടീ)

കല്ലറ ഗ്രാമപഞ്ചായത്ത്

പെഷർ പ്രോജക്ട്

തയ്യാറാക്കിയത്

ഉത്തരവാദിത്ത ടൂറിസം മിഷൻ

ടൂറിസം വകുപ്പ്

Better Together
Kerala's Responsible Tourism Initiative

kerala
God's Own Country

കല്ലറ ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

ജില്ല	:	കോട്ടയം
ബ്ലോക്ക്	:	കടുത്തുരുത്തി
താലൂക്ക്	:	വൈക്കം
ആകെ വിസ്തീർണ്ണം	:	27.48 ചതുര . കി.മീ.
ജനസംഖ്യ	:	15614(2011ലെസെൻസസ്പ്രകാരം)
പുരുഷൻമാർ	:	7115 (പട്ടിക ജാതി 992)
സ്ത്രീകൾ	:	8459 (പട്ടികജാതി 998)
കുടുംബങ്ങൾ	:	3800
വാർഡുകൾ	:	13
പട്ടിക ജാതി സംവരണ വാർഡുകൾ	:	1
സ്ത്രീ സംവരണ വാർഡുകൾ	:	5
സാക്ഷരത	:	96%

കല്ലറ ഗ്രാമപഞ്ചായത്ത്

അക്ഷരങ്ങളുടേയും, ജലാശയങ്ങളുടേയും, നെൽവയലുകളുടേയും, റബ്ബറിന്റെയും നാടായ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിന്റെ തെക്കേ അറ്റത്തും അഷർ കുട്ടനാടിന്റെ വടക്കേ അതിരിലും സ്ഥിതി ചെയ്യുന്ന ഗ്രാമമാണ് കല്ലറ.

27.8 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കല്ലറ പഞ്ചായത്തിന്റെ വടക്ക് കടുത്തുരുത്തി പഞ്ചായത്തും, കിഴക്ക് മാഞ്ഞൂർ, നീണ്ടൂർ പഞ്ചായത്തുകളും പടിഞ്ഞാറ് തലയാഴം, വെച്ചൂർ പഞ്ചായത്തുകളും തെക്ക് ആർപ്പൂക്കര പഞ്ചായത്തും അതിരുകൾ തീർക്കുന്നു.

ഇടനാട് ഭൂപ്രകൃതിയുടെ പ്രതികരണങ്ങൾ പ്രകടിഷിക്കുന്ന കല്ലറ ഗ്രാമ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ശരാശരി സമുദ്ര നിരഷിൽ നിന്നും 7.5 മീറ്ററിനും 75 മീറ്ററിനും മദ്ധ്യേയുള്ള ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൽ പ്രധാനമായും കുന്നിൻ മണ്ടകൾ, ചരിഞ്ഞ പ്രദേശങ്ങൾ, താഴ്വരകൾ, എന്നീ മൂന്ന് തരത്തിലുള്ള രൂപങ്ങളാണ് കണ്ടുവരുന്നത്. പഞ്ചായത്തിലെ പ്രധാന കുന്നിൻ ഭാഗങ്ങളുടെ മുകൾഭാഗങ്ങൾ താരതമ്യേന ചരിവുള്ള സമീപ പ്രദേശങ്ങളാണ്. ഇത്തര ത്തിലുള്ള പ്രദേശങ്ങളിൽ പ്രധാനമായും റബ്ബറാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾക്ക് മദ്ധ്യേയായി സ്ഥിതി ചെയ്യുന്നതും ചരിവിന്റെ തോത് കുറവുള്ളതുമായ പ്രദേശങ്ങൾ താഴ്വരകളിൽ എന്ന വിഭാഗത്തിൽപ്പെടുന്നു. ഇത്തരം താഴ് വരകളിൽ പ്രധാനമായും തെങ്ങ്, കവുങ്ങ് എന്നിവ കൃഷി ചെയ്തു വരുന്നു.

കല്ലറ ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയായ 2748 ഹെക്ടറിൽ 1345.48 ഹെക്ടർ നൽകൃഷിയാണ്. പഞ്ചായത്തിന്റെ ഏകദേശം 51%

പുരയിടവും 49% പ്രദേശവും പാടങ്ങളുമാണ്. പഞ്ചായത്തിലെ ഒന്നാം വാർഡായ മുണ്ടാർ പ്രദേശം വിസ്തൃതമായ വയൽ പ്രദേശമാണ്.

സമുദ്ര നിരഷിൽ നിന്നും അധികം ഉയരത്തിലല്ലാത്ത പുരയിടങ്ങളും സമുദ്ര നിരഷിൽ നിന്നും താഴ്ന്ന് സ്ഥിതിചെയ്യുന്ന പാടശേഖരങ്ങളുമാണുള്ളത്. വെള്ളം പമ്പ് ചെയ്ത് കളഞ്ഞതിനുശേഷമാണ് പാടശേഖരങ്ങളിൽ നെൽകൃഷി നടത്തുന്നത്. കാലവർഷകാലത്ത് താഴ്ന്ന പ്രദേശങ്ങളായ മുണ്ടാർ, പെരുംതുരുത്തിലെ ഉദയംതറ, മണിയൻതുരുത്ത് ഭാഗങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകാറുണ്ട്. കാലവർഷക്കാലത്തെ വെള്ളപ്പൊക്കം പാടശേഖരങ്ങളിലെ നെൽകൃഷിയേയും ദോഷകരമായി ബാധിക്കാറുണ്ട്.

സാംസ്ക്കാരിക ചരിത്രം

ഒരു കാലത്ത് കടുത്തുരുത്തിയും പിന്നീട് വൈക്കവും ആസ്ഥാനമായി ഭരണം നടത്തിയിരുന്ന വടക്കംകൂർ രാജവംശത്തിന്റെ അധീനതയിലായിരുന്നു കല്ലറയുടെ ഭൂരിഭാഗം പ്രദേശവും. പെരുന്തുരുത്ത് റോഡിന് തെക്ക് പ്രദേശം തെക്കും കൂർ രാജവംശത്തിന്റെ അധീനതയിൽ ആയിരുന്നു. തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മ തെക്കുംകൂർ വടക്കംകൂർ രാജവംശങ്ങളെ ആക്രമിച്ച് കീഴ്പ്പെടുത്തിയതിനെ തുടർന്ന് കല്ലറ ഗ്രാമം തിരുവിതാംകൂറിന്റെ ഭാഗമായി തീർന്നു. അക്കാലങ്ങളിൽ ഏറ്റുമാനൂർ ക്ഷേത്രദർശനത്തിനെത്തിയിരുന്ന തിരുവിതാംകൂർ മാഹാരാജാവിന് വൈക്കം ക്ഷേത്രത്തിലെത്തുവാനുള്ള ഏറ്റവും എളുപ്പ മാർഗ്ഗം എന്ന നിലയിലാണ് കളമ്പുകാട് തോട് വെട്ടിയത് എന്ന് പഴമക്കാർ പറയുന്നു. രാജവാഴ്ചയുടെ അന്ത്യദശകങ്ങളിൽ തുടക്കം കുറിച്ച സമൂഹ്യ നവീകരണ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത ശ്രീനാരായണ ഗുരുവിന്റെയും അയ്യൻകാളിയുടേയും വാക്കുകൾക്ക് കല്ലറക്കാർ ചെവി

യോർത്തിരുന്നു എന്നത് എടുത്തുപറയേണ്ടതുതന്നെ. ശ്രീനാരായണ ഗുരുവിന്റെ പാദസ്പർശം കൊണ്ട് പവിത്രമായ മണ്ണാണ് കല്ലറ. പെരുന്തുരുത്ത് കരയിലുള്ള കിളക്കേചോരാത്തു ഭവനത്തിൽ ഗുരു ഒരു ദിവസം താമസിച്ചത് പഴയതലമുറ ഓർക്കുന്നു. തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും എതിരായി നടന്ന വൈക്കം സത്യാഗ്രഹത്തിന്റെ അലയൊളികളും ഈ കൊച്ചുഗ്രാമത്തെ ആവേശഭരിതമാക്കി. ആ സഹന സമരത്തിലെ ഒന്നാമത്തെ വോളണ്ടിയറായി കല്ലറ കുഞ്ഞാഷി എന്നയാൾ പങ്കെടുത്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ മുൻനിര പോരാളികളായിരുന്ന ആചാര്യ ബിനേബഭാവ, ലോക്നായിക് ജയപ്രകാശ് നാരായണൻ എന്നിവരും കല്ലറയിൽ സന്ദർശനം നടത്തിയിട്ടുണ്ട്. സി. കേശവൻ, മന്നത്ത് പത്മനാഭൻ, എ.ജെ.ജോൺ, എം.പി.മന്മഥൻ തുടങ്ങിയ പ്രമുഖരെല്ലാം പല സന്ദർഭങ്ങളിലായി ഈ പ്രദേശത്തെത്തുകയും അവരുടെ പ്രഭാഷണങ്ങൾ കൊണ്ട് ഗ്രാമവാസികളെ ആവേശം കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

കല്ലറ ഗ്രാമ പഞ്ചായത്തിന്റെ സ്ഥാപക പ്രസിഡന്റായ ശ്രീ. കെ.കെ. ശ്രീധരൻ നായരുടെ പൊതുപ്രവർത്തന ജീവിതത്തെ കല്ലറ ഗ്രാമ പഞ്ചായത്തിന്റെ ചരിത്രവുമായി ചേർത്ത് വായിക്കാം. അധികാരവികേന്ദ്രീകരണം എന്ന ആശയം ചർച്ചയിൽ മാത്രം ഒതുങ്ങിയിരുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിന്റെ ശുഷ്ക്കമായ വിഭവസ്രോതസ്സിന്റെ പരമിതികളെ മിറകടന്നുകൊണ്ട് ഒട്ടേറെ വികസനപദ്ധതികൾ നാടിനുവേണ്ടിനേടിയെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പഞ്ചായത്ത് രാജ് സംവിധാനം ശൈശവദശയിലായിരുന്ന 1970-ൽ രാജ്യത്തെ മാതൃകാ പഞ്ചായത്തുകൾക്ക് ഭാരത സർക്കാർനൽകിവന്നിരുന്ന ജയന്തി പുരസ്ക്കാരം കല്ലറ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ഭാരതത്തിലെ ഏറ്റവും നല്ല പത്ത് പഞ്ചായത്തുകളിൽ ഒന്ന് എന്ന ബഹുമതിയും ഇക്കാലത്ത് കല്ലറ പഞ്ചായത്ത് സ്വന്തമാക്കി.ബ്ലോക്ക്തല വികസനസമിതിയുടെ അദ്ധ്യക്ഷൻ, ജില്ലാ

കലക്ടർ ചെയർമാനായ ജില്ലാ വികസന സമിതി അംഗം എന്നീ നിലകളിലും അദ്ദേഹം പ്രവർത്തിച്ചിരുന്നു.

ജലസ്രോതസുകൾ

കല്ലറ പ്രദേശത്ത് പൊതുവേ കുടിവെള്ള ലഭ്യത തൃപ്തികരമാണെന്ന് പറയാം. എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. പെരുംന്തുരുത്തിലെ ഉദയംതറ കോളനി, മണിയൻതുരുത്ത് പ്രദേശങ്ങളിലും മുണ്ടാറിലെ ചില ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. അറ്റ് വീട്ടാവശ്യങ്ങൾക്കുള്ള ജലം ഇടത്തോടുകളിലും കനാലുകളിലും നിന്നുമാണ് ജനങ്ങൾ ശേഖരിക്കുന്നത്. കല്ലറ പഞ്ചായത്തിലെ പ്രധാന തോടുകളുടെ പേരുകൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

	പ്രധാന തോടുകൾ
1	എഴുമാം കായൽ
2	നൂറ്റിഷത്ത് തോട്
3	ദിവാൻ തോട്
4	കോളനി തോട്
5	കൊടുംതുരുത്ത് – കരിയാർ
6	കളമ്പുകാട് തോട്
7	മുല്ലമംഗലം – മുടക്കാലി തോട്
8	മണിയൻതുരുത്ത് – മണിയാപറമ്പ് തോട്
9	പെരുന്തുരുത്ത് പുത്തൻതോട്
10	പെരുന്തുരുത്ത് കൈപ്പുഴക്കരി തോട്
11	മണിയന്തുരുത്ത് കൈപ്പുഴ പള്ളിത്താഴം തോട്
12	വാലേത്താഴം കോലത്തുകരി തോട്

കാലാവസ്ഥ

കാലാവസ്ഥയെ പ്രധാനമായും മൂന്നായി തരംതിരിക്കാം

മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം

മഴക്കാലം : ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കാല വർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കു ന്നു.

മഞ്ഞുകാലം : ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മഞ്ഞു കാലം അനുഭവപ്പെടുന്നു.

വേനൽക്കാലം : മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ വേനൽക്കാലങ്ങ ളിൽ ചില സമയങ്ങളിൽ നല്ല മഴ ലഭിക്കാറുണ്ട്.

മണ്ണ്

കല്ലറ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ കൂടുതൽ ചെങ്കല്ല് മണ്ണാണുള്ളത്. നെൽവയലുകളിൽ ചെളി കലർന്ന കട്ട മണ്ണും മറ്റുള്ള പ്രദേശങ്ങളിൽ സാധാരണ ഏക്കർ മണ്ണുമാണ് കാണുന്നത്.

ചെളികലർന്ന മണ്ണ് കൂടുതൽ നെൽകൃഷികൾക്കായാണ് ഗ്രാമവാസികൾ ഉപയോഗിക്കുന്നത്. മറ്റുള്ള പ്രദേശങ്ങളിൽ ഒട്ടുമിക്ക കാർഷിക വിളകളും കാണപ്പെടുന്നു.

ഗ്രാമീണ ജീവനോപാധികൾ

മത്സ്യബന്ധനം

കല്ലറ പഞ്ചായത്തിൽ പ്രധാന മത്സ്യ ഇനങ്ങളായ കരിമീൻ, വാള, ചെമ്പല്ലി, വരാൽ, കാരി, കൂരി. കട്ല, രോഹു, തെരണ്ടി, കണമ്പ്, വറ്റ, കുറിച്ചിൽ, പള്ളത്തി, മൊരശ്, തിലോപ്പിയ, പുല്ലൻ, മുഷി, കോലാ, ആരാൻ എന്നിവയ്ക്കു പറമേ പാമ്പാണെന്ന് തോന്നിക്കുന്ന ഔഷധ ഗുണമുള്ള മനഞ്ഞിൽ, ഞണ്ട്, കൊഞ്ച്, ചെമ്മീൻ, കക്കായിറച്ചി എന്നി വയും സുലഭമായി ഇവിടെ കണ്ടുവരുന്നു. ഈ പ്രദേശങ്ങളിൽ മത്സ്യ ബന്ധനത്തിനായി വിവിധ രീതികൾ ഉപയോഗിച്ചുവരുന്നു.

മത്സ്യബന്ധനത്തിന് ഉപയോഗിച്ചുവരുന്ന വലകളുടെ പേര് ചുവടെ ചേർക്കുന്നു.

- ഉടക്കുവല
- ഒള്ളി
- ആയിരം ചൂണ്ട
- വിശുവല
- വട്ടവല
- ഉണ്ട വല
- ഒറ്റൽ
- കൂട്
- തെറ്റാലി
- ചൂണ്ട
- പടല
- വല്ലം

കുത്തുവല (കോരുവല)

ഒഴുകി വരുന്ന വെള്ളത്തിൽ നിന്ന് മീൻ പിടിക്കാനാണ് ഇത്തരം വലകൾ ഉപയോഗിക്കുന്നത്. മഴക്കാലത്താണ് ഈ വലയുടെ ഉപയോഗം കൂടുതൽ കാണുന്നത്. കണ്ണി വലിഷമുള്ളതും അടുഷ്മുള്ളതുമായ വലയാണ് ഉപ യോഗിക്കുന്നത്. വലിയ മത്സ്യങ്ങളെ പിടിക്കാനും ചെറിയ മത്സ്യങ്ങളെ പിടിക്കാനും കണ്ണികളുടെ വലിഷത്തിന് അനുസരിച്ചുള്ള വലകൾ ഉപ യോഗിക്കും.

വീശുവല

വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ മീൻ പിടുത്തത്തിന് ഉപയോഗിക്കുന്നു. സാധാരണ വിശുവലയെഷോലെ വലിക്കാനുള്ള കയറ് ഇവയ്ക്ക് ഉണ്ടായിരിക്കുന്നതല്ല. അതിൻപ്രകാരം ചെറിയ ഗോളങ്ങളാണ് ഉപയോഗിക്കുന്നത്. ഈയത്തിന്റെ ഗോളങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് മണ്ണിൽ ചേർന്നുനിൽക്കുന്നു. വിശി ഏതാനും മിനിറ്റുകൾ കൊണ്ടാണ് കൈകൊണ്ട് തഷിപിടിച്ചാണ് മത്സ്യത്തെ പുറത്തെടുക്കുന്നത്. പിന്നീടാണ് വല പുറത്തെടുക്കുന്നത്.

വീശുവലിയൻവല

ഒഴുക്കുള്ള വെള്ളത്തിലും, വെള്ളം കെട്ടികിടക്കുന്നിടത്തും മീൻ പിടിക്കാൻ ഉപയോഗിക്കുന്നു. കയറുള്ളതും വീശിവലിക്കാവുന്നതുമായ വലയാണിത്.

ചവിട്ടിപിടിയൻ വല

മറ്റുള്ളവയിൽ നിന്നും വ്യത്യസ്ഥമായി രണ്ടുപേർ ചേർന്നുനിന്നാണ് ഇതുപയോഗിക്കുന്നത് ചുറ്റും കയറിൽ കോർത്ത വലയാണിത്. ഇതിന് കയറ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇരുവശത്തുനിന്നും രണ്ടുപേർ അടിവശം ചവിട്ടിപിടിക്കുകയും മുകൾഭാഗം ജലനിരഷിന് സമമായി പിടിക്കുന്നു. മീൻ കുടിങ്ങിയാൽ രണ്ടുപേരും ചേർന്ന് വലപൊക്കി മത്സ്യത്തെ സംഭരിക്കും.

കൈവല

കയ്യിൽ പിടിച്ചുപയോഗിക്കാൻ പറ്റുന്നതരം വലിഷം കുറഞ്ഞ വലകളാണിത്. മുള വൃത്താകൃതിയിൽ വളച്ചുകെട്ടി അതിൽ വല തുന്നിച്ചേർത്താണ് നിർമ്മിക്കുന്നത്. ഇത് സാധാരണയായി തോടുകളിലും പുഴകളിലും മീൻ പിടിക്കാൻ ഉപയോഗിക്കുന്നു.

ഒറ്റാൽ

മുളയുടെ ചെറിയ അലകുകൾ ഉണ്ടാക്കി മെടയുന്നു. അതിനുശേഷം അതിൻമേൽ മൂന്ന് വളയങ്ങൾ ഉണ്ടാക്കി പിടിഷിക്കുക. മീനിനെ കണ്ടാൽ ഒറ്റാൽ വെച്ച് അമർത്തി അതിന്റ മുകളിലുള്ള വട്ടത്തിലൂടെ കയ്യിട്ട് മീനിനെ പിടിക്കുന്നു. തോട്, പുഴ, വയൽ എന്നിവിടങ്ങളിൽ മീനിനെ പിടിക്കാനായി ഒറ്റാൽ ഉപയോഗിക്കുന്നു.

പരമ്പരാഗത തൊഴിലുകൾ

ഒരു കാലത്ത് കേരളീയ ഗ്രാമങ്ങളുടെ ജീവിത ശൈലിയും ജീവനോപാധികളുമായിരുന്ന എന്നാൽ ഇന്ന് വളരെ അപൂർവ്വമായി മാത്രം കാണാൻ സാധിക്കുന്ന പരമ്പരാഗതമായ തൊഴിലുകൾ വളരെ സജീവമായി

നിൽക്കുന്ന ഒരു പ്രദേശമാണ് കല്ലറ ഗ്രാമപഞ്ചായത്ത്. ഇവിടയെുള്ള മിക്ക വീടുകളിലും റബ്ബർ ടാപ്പിംഗ്, പായനെയ്ത്ത്, കള്ള് ചെത്ത്, കയർ പിരിക്കൽ മുതലായ ജോലികൾ ചെയ്യുന്ന ഗ്രാമവാസികളെ കാണാൻ സാധിക്കും.

കൈതയുടെ ഓല മുറിച്ചെടുത്ത് അതിന്റെ മുള്ളുകൾ ശരിക്കും വെട്ടികളഞ്ഞ് ഓല രണ്ടായി നീളത്തിൽ മുറിച്ച് വളച്ചുകെട്ടി വെക്കുന്നു. ഇതിനെ മടികൾ എന്ന് പറയുന്നു. പായ നെയ്യുന്നതിന് മുൻപ് ഇവ വെള്ളത്തിൽ ഇട്ടുവെച്ച് അതിനുശേഷം മൂന്നോ നാലോ ദിവസം വെയിലത്ത് വെച്ച് നന്നായി ഉണക്കിയെടുക്കുന്നു.അതിനുശേഷം ഉണങ്ങിയ മടികൾ വീണ്ടു വെള്ളത്തിൽ ഇട്ടുവെയ്ക്കുകയോ അല്ലെങ്കിൽ തണുപ്പുള്ള പ്രദേശങ്ങളിൽ കൊണ്ടെവയ്ക്കുന്നു. പിന്നീട് മടികൾ നിവർത്തി നീളത്തിൽ കക്ഷണങ്ങളാക്കി നെയ്യാൻ തുടങ്ങും.

കൃഷി

നെൽകൃഷിക്ക് അനുയോജ്യമായ മണ്ണാണ് കല്ലറ പഞ്ചായത്തിൽ കൂടുതൽ കാണുന്നത്. കല്ലറ ഒരു കാർഷിക ഗ്രാമമാണ്. കുട്ടനാടിന്റെ വടക്കേ അറ്റത്തുള്ള ഈ പ്രദേശം ഒരു കാലത്ത് നെല്ലറയായി കരുതപ്പെട്ടിരുന്നു.

കല്ലറ പഞ്ചായത്തിലെ പകുതിലധികം വരുന്ന മുണ്ടാർ നീർത്തടം കല്ലറ യുടെ കാർഷിക പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കാൻ.

കല്ലറയിലെ കരഭൂമിയിലെ പ്രധാന കൃഷിയുടെ സ്ഥാനം റബ്ബർ കയ്യടക്കി കഴിഞ്ഞിട്ടുണ്ട്. തെങ്ങ്, കപ്പ, വാഴ എന്നിവയുടെ ഗണ്യമായി കുറയു വാൻ ഇത് ഇടയാക്കി. കല്ലറയിലെ കൃഷിയിടങ്ങളിൽ സുലഭമായിരുന്ന കപ്പ ഇന്ന് വിലകൊടുത്ത് വാങ്ങേണ്ട വസ്തുതയായി മാറിയിരിക്കുന്നു. എന്നാൽ സമീപകാലത്ത് ഇതിന്റെ ഉല്പാദനം വർദ്ധിഷിക്കുവാൻ സാധി ച്ചിട്ടുണ്ട്. നാണ്യവിളയായ റബ്ബറിന്റെ ഉല്പാദന വർദ്ധനവ് കല്ലറ ഗ്രാമപ ഞ്ചായത്തിന്റെ സമ്പദ്വ്യവസ്ഥയെ ഗുണപരമായി സ്വാധീനിച്ചിട്ടുണ്ട്.

കല്ലറയിലെ കാർഷിക മേഖലയുടെ പുരോഗതിക്കായി കൃഷിവകുപ്പ് മുഖേനയും ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽപ്പെടു ത്തിയും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ചെറുകിട നാമമാത്ര കർഷകന് നെൽവിത്ത്, വളം എന്നിവ വിതരണം ചെയ്തും മോട്ടോർ പമ്പ്സെറ്റ്, സ്പ്രെയർ, പച്ചക്കറി വിത്ത്, ജാതിതൈ എന്നിവ ലഭ്യമാക്കിയും കാർഷികരംഗത്തിന് ഉണർവ്വേകുവാൻ സാധിച്ചിട്ടു

ണ്ട്. ജൈവകൃഷി സമ്പ്രദായം വികസിപ്പിക്കുക, കൂൺകൃഷി പ്രോത്സാഹിപ്പിക്കുക. ജലസേചനത്തിനായി മഴവെള്ളസെഭരണികൾ സ്ഥാപിക്കുക. എലി നശീകരണത്തിനുള്ള ഫലപ്രദമായ രീതികൾ നടപ്പിലാക്കുക എന്നിവ ഈ മേഖലയിൽനിന്നുള്ള പരിഗണനാർഹമായ നിർദ്ദേശങ്ങളാണ്.

പഞ്ചായത്തിലെ പാടശേഖരങ്ങളുടെ വിവരങ്ങൾ

ക്രമ നമ്പർ	പാടശേഖരത്തിന്റെ പേര്	വിസ്തീർണ്ണം (ഏക്കറിൽ
1.	കളത്രക്കരി	44.40
2.	തട്ടാപറമ്പ് പടിഞ്ഞാറ്	26.50
3.	കിണറ്റുകര	28.00
4.	തട്ടാപറമ്പ് തെക്ക്	104.20
5.	തമ്പാൻ ബ്ലോക്ക്	25.00
6.	തട്ടാപറമ്പ്	38.00
7.	പറമ്പൻകരി	155.50
8.	പറമ്പൻ 54	48.70
9.	മുണ്ടാർ പുലയ കോളനി	112.00
10.	ജോണി ബ്ലോക്ക്	50.75
11.	കങ്ങഴ-8	73.49
12.	കങ്ങഴ-2 (110)	110.00
13.	വട്ടമറ്റം പടിഞ്ഞാപ്പുറം	37.87
14.	പോത്തൻമാലി വട്ടമറ്റം	62.50
15.	12-ാം നമ്പർ പുതുക്കരി	45.00
16.	മുശ്ശാറ	24.00
17.	പാപ്പാടി	10.00

18.	വെന്തകരി വടക്ക്	113.00
19.	വെന്തകരി തെക്ക്	86.00
20	കോട്ടയം കരി	185.00
21.	മാലിക്കരി	253.00
22.	കല്ലറ വടക്ക് പടിഞ്ഞാഷ്പുറം	96.00
23.	മുതിരക്കാല	88.00
24.	അകത്താംതറ	52.25
25.	കുന്നത്തുകരി	09.80
26.	എക്കമ്മ	50.25
27.	കാളത്തോട്-പടിത്തിരഷ്പള്ളി	89.76
28.	വടക്കുപുറത്ത് വല്യകരി	220.00
29.	കന്നുകളം	50.00
30.	പടിഞ്ഞാഷ്പുറത്തുവല്യകരി	149.00
31.	തോടുവേലിക്കരി കുമരകത്തിക്കരി	43.80
32.	മറ്റത്തികുന്നേക്കരി-കുമരകത്തിക്കരി	64.82
33.	മാന്നാനത്തിക്കരി	25.00
34.	പറഷ്പള്ളിച്ചാൽ	17.42
35.	പാഴൂക്കരി തീയത്തുകരി മുഷ്പത്	61.45
36.	മാമ്പള്ളി നാല്പതുപറകൊച്ചുകരി	36.50
37.	പോഴീത്താഴം	10.14
38.	താമരച്ചാൽ ചീമ്പനാംകരി	68.00
39.	കോലത്തുകരി ഞാറക്കരി വലിയകരി	185.00
40.	പോട്ട പറിച്ചകരി	88.00
41.	കുഴിഷ്പടവ്	103.00
42.	കൊടുതുരുത്ത് പുത്തൻകരി ഇടയാടി	32.02

43.	മുണ്ടകൻ പള്ളി കാരിച്ചാൽ	30.00
44.	ആനച്ചാംകുഴി	195.00
45.	പോട്ടക്കരി-പുതുശ്ശേരി-കാഞ്ഞിരപ്പള്ളി	36.50
46.	തട്ടാപറമ്പ് പടിഞ്ഞാറ് ഭാഗം	28.00
47.	മീനിക്കോണം	51.82
48.	പഴുക്കാത്താഴം	04.50
	തരിശായി കിടക്കുന്ന പാടശേകരങ്ങൾ	
1.	മുണ്ടാർ മണകുന്നം	40.50
2.	കങ്ങഴ 9 എ	22.00
3.	കങ്ങഴ 9 ബി	38.50
4.	അമ്പാട്ടുമഴുവഞ്ചേരി	20.00
5.	ബാങ്ക്കരി	69.05
6.	ഹരിജൻ കർഷക ബ്ലോക്ക്	36.25
7.	മുണ്ടാർ 6-ാം നമ്പർ	46.32
8.	മുണ്ടാർ 8-ാം നമ്പർ ഹരിജൻ കോർപ്പറേഷൻ	26.30
9.	കൊല്ലേരിത്തറ ഐക്യരവിലാസം	35.16
10.	കുറുപ്പംപറമ്പിൽ	28.00
11.	മാലത്തടം	19.00
12.	കാളകെട്ടി	15.50
13.	വടക്കേ കാളകെട്ടി	26.70
14.	പുതുപ്പള്ളി വടക്ക്	80.00
15.	പുതുപ്പള്ളി തെക്ക്	10.00
16.	അടിമത്തറക്കരി	20.00
17.	കോരട്ടി ബ്ലോക്ക്	34.17
18.	ചേനക്കാല	141.00

19.	80-40 ആലഷാട്ട്	42.00
20.	ചേരിക്കാമൊഴിതേവർകണ്ടം	11.00
21.	വടുകുന്നഷുഴ	15.00
22.	ചിറേക്കണ്ടം	06.00
23.	മുണ്ടാർ 1-ാം നമ്പർ (കഷകൃഷി)	113.00
24.	നീണ്ടുകുന്ന് (എണ്ണഷന)	211.00
25.	മൗലാനാ ജയന്തി	66.00
26.	ഐെക ബ്ലോക്ക്	25.00
27.	10-ാം നമ്പർ മണിമല	11.80
28.	9-ാം നമ്പർ ഹരിജൻ കോർഷറേഷൻ	21.73
29.	മഠത്തിഷറമ്പ്	34.17
30.	പറവംതുരുത്ത് കിഴക്കുപുറം	07.00

പഴയ കാർഷിക ഉപകരണങ്ങൾ

കലഷ

കാളകളെ കെട്ടി നിലം ഇളക്കി കൃഷിക്ക് പാകപ്പെടുത്തുന്നതിനുള്ള ഉപകരണമാണ് കലഷ. പ്ലാവ്, തേക്ക്, വാക, കാഞ്ഞിരം എന്നീ മരങ്ങളാണ് ഇതുണ്ടാക്കാൻ ഉപയോഗിക്കുന്നത്. അറ്റത്ത് ഇരുമ്പുകൊണ്ടുള്ള കൂർത്ത ചട്ടുകം പോലെയുള്ള ഒരു ഉപകരണം ഉറപ്പിച്ചിരിക്കും.

കട്ടക്കുഴ

പാടങ്ങളിലെ മൺകട്ട ഉടക്കാനുള്ള മരക്കഷ്ണമാണിത്.

നുകം

വയൽ ഉഴുതുമറിക്കാൻ കന്നുകാലികളെ തമ്മിൽ കൂട്ടികെട്ടാൻ ഉപയോഗിക്കുന്നു. നുകത്തിൻമേലാണ് കരി ഘടിഘിക്കുന്നത്.

കരി

കോല്പന, കരിമ്പന, തെങ്ങ്, എന്നീ മരങ്ങൾ കൊണ്ടാണ് കരി ഉണ്ടാക്കുന്നത്.

ജലചക്രം :

പണ്ടുകാലത്ത് ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഉപകരണമാണ് ജലചക്രം.

ഏത്തക്കൊട്ട

ആഴമുള്ള കുഴുകളിൽ നിന്നും ജലം ശേഖരിക്കുന്ന ഉപകരണം.

വിത്ത് പൊതി

വിത്ത് സൂക്ഷിക്കാൻ വൈക്കോല് കൊണ്ട് ഉണ്ടാക്കുന്ന പൊതി.

വിത്ത് കുട്ടി

നെല്ല് കളത്തിൽ നിന്നും വലിച്ചുകൂട്ടാൻ മരം കൊണ്ടുള്ള ഒരു ഉപകരണം.

വെള്ളിക്കോൽ

പണ്ടുകാലത്ത് ത്രാസിന് പകരം വസ്തുക്കൾ അളക്കാൻ ഉപയോഗിച്ചിരുന്ന വസ്തു.

കറ്റഷായയും കയറും

കതിർകറ്റകൾ കൊണ്ടുപോകാൻ ഉപയോഗിച്ചിരുന്ന കൊതോല പായയും കയറുമാണിത്.

ഔഷധ ഗുണമുള്ള മൃഗങ്ങൾ

പശു

പശുവിന്റെ പഞ്ചഗവ്യം (പാൽ,ഗോമൂത്രം, ചാണകം, തൈര്) ഉപയോഗിച്ച് നെയ്യ് കാച്ചിയെടുക്കുന്നു.

ആട്

ആട്ടിൻ പാൽ, മൂത്രം ഇവ വിഷ ചികിത്സക്ക് ഉപയോഗിക്കുന്നു. ആട്ടിൻ കൊമ്പ് ആയുർവ്വേദ ഗുളികകൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്നു. ആടിന്റെ അസ്ഥികൾ, കൈകാൽ എന്നിവ തിളപ്പിച്ച് വാതസംബന്ധമായ അസുഖങ്ങൾക്ക് ഉപയോഗിക്കുന്നു.

പന്നി

പന്നിയുടെ നെയ്യ് തളർവാദത്തിനുള്ള പഞ്ചസ്നേഹക്കുഴമ്പ് കാച്ചാൻ ഉപയോഗിക്കുന്നു. പന്നിയുടെ കുളമ്പ്, തേറ്റ എന്നിവ അപസ്മാര രോഗത്തിന് ഉപയോഗിക്കുന്നു.

നാടൻ ഭക്ഷണ രീതികൾ

അരിയുണ്ട

അരി വറുത്ത് പൊടിച്ച് തേങ്ങയും ശർക്കരയും ചേർത്തുണ്ടാക്കുന്ന അരിയുണ്ട ചായക്ക് ഉപയോഗിച്ചിരുന്ന പ്രധാന ഭക്ഷണമാണ്.

കരിമീൻ പൊള്ളിച്ചത്

മുളക്പൊടി, മഞ്ഞൾപ്പൊടി, ഗരംമസാല, കുരുമുളക് പൊടി പാകത്തിന് ഉപ്പ് എന്നിവ മിക്സ് ചെയ്ത് പേസ്റ്റ് പരുവത്തിലുള്ള മസാലയാക്കുക. കരിമീൻ വൃത്തിയാക്കി വരഞ്ഞതിനു ശേഷം മസാല മീനിൽ പുരട്ടുക. പൊള്ളിക്കുന്നതിനു മുമ്പായി മസാല പുരട്ടി കുറച്ചുനേരം വച്ചിരുന്നാൽ കൂടുതൽ രുചി ഉണ്ടാകും. അടുത്തതായി അരക്കപ്പ് വെളിച്ചെണ്ണ ഫ്രയിങ്പാനിൽ ഒഴിച്ച് ചൂടാക്കുക. ചൂടായ ശേഷം, മസാല പുരട്ടി വച്ചിരിക്കുന്ന കരിമീൻ എണ്ണയിൽ രണ്ട് മിനിറ്റ് വീതം ഇരുവശങ്ങളും പകുതി വേവിക്കുക. വെന്ത ശേഷം കരിമീൻ ഒരു വാഴയില കഷ്ണത്തിലേയ്ക്ക് മാറ്റുക.

കരിമീൻ പൊള്ളിക്കുന്നതിനു വേണ്ട മസാല തയ്യാറാക്കുന്നതിന് കരിമീൻ വറുത്ത അതേ എണ്ണയിൽ

സവാള കനം കുറച്ച് അരിഞ്ഞത് വഴറ്റുക. വെന്ത് കഴിഞ്ഞ ശേഷം നേരത്തെ തെയ്യാറാക്കി വെച്ചിരിക്കുന്ന മസാലയും കുറച്ച് കറിവേപ്പിലയും കൂടി ചേർക്കുക. മസാല എണ്ണയിൽ നിന്ന് അരിച്ചെടുക്കുക. ഈ മസാല കരിമീനിന്റെ ഇരുവശങ്ങളിലും നന്നായി പിടിപ്പിച്ച് വാഴയിലയിൽ പൊതിഞ്ഞ് വെക്കുക. ഒരു തൂശനില തീയിൽ വാട്ടിയെടുക്കുക.

അതിൽ വാഴയിലക്കഷ്ണത്തിൽ പൊതിഞ്ഞ് വെച്ചിരിക്കുന്ന കരിമീൻ അങ്ങനെതന്നെ തൂശനിലയിൽ വെച്ച് പൊതിഞ്ഞ് വാഴനാര് വാട്ടിയെടുത്തത് കൊണ്ട് കെട്ടുക. അതിനെ ആവിയിൽ വേവിക്കുക. ഇലയുടെ കളർ ബ്രൌൺ ആകുന്നതുവരെവേവിക്കുക

കുമ്പിളപ്പം

ശര്ക്കരകുറച്ചുവെള്ളംഒഴിച്ച്ചെറുതായിചൂടാക്കിശര്ക്കര അലിയിച്ചെടുക്കുക (തിളക്കേണ്ട ആവശ്യമില്ല) .ഇതുനല്ലത്പോലെഅരിച്ചെടുക്കുക
.അപ്പോള് അതിലുള്ളകല്ല് നീങ്ങികിട്ടും
.അരിപൊടിചെറുതായിചൂടാക്കിഎടുക്കുക
.ഒരുബൌളില് അരിപൊടി ,ജീരകംപൊടി ,ഏലക്കപൊടി,തേങ്ങചിരവിയത്,പഴം,
ശര്ക്കരപാനിഎല്ലാംകൂടിചേര്ത്ത്ഇലയില് വെക്കാന് പരുവത്തില് കുഴക്കുക.
ഒരുഇഡലിപാത്രത്തില് വെള്ളംചൂടാവാന് വെക്കുക .കുഴച്ചുവെച്ചിരിക്കുന്നമാവില് നിന്നുംചെറിയഉരുളകള് ഉണ്ടാക്കിഇതുഅയണയിലകുമ്പിള് രൂപത്തിലാക്കിഅതില് നിറച്ചുഈര്ക്കിലികൊണ്ട്കുത്തിഎടുക്കുക .ഇങ്ങനെ 20 - 25 കുമ്പിള് ഉണ്ടാക്കാന് പറ്റും .ഇത്ഇഡലിപാത്രത്തിന്റെതട്ടില് വെച്ച്ആവിയില് അരമണിക്കൂര് പുഴുങ്ങുക.

പഴങ്കഞ്ഞി

പഴങ്കഞ്ഞി ഉണ്ടാക്കാൻ തലേദിവസം വൈകിട്ട് വെച്ച ചോറിൽ, ചൂടാറി കഴിയുമ്പോൾ നിരപ്പിനു മീതെ വെള്ളമൊഴിച്ച് വെക്കുക. ഫ്രിഡ്ജിന് പുറത്തു വെച്ച ആഹാരം കഴിക്കാൻ മടിയുള്ളവർക്ക് തലേദിവസം അധികമുള്ള ചോർ വെള്ളമൊഴിക്കാതെ തന്നെ ഫ്രിഡ്ജിൽ വെയ്ക്കാം.ഫ്രിഡ്ജിൽ വെച്ച ചോറ് പുറത്തെടുത്തു

തണുപ്പ് മാറി കഴിയുമ്പോൾ (പുറത്തു വെച്ചത് വെള്ളമൂറ്റി കളഞ്ഞിട്ടു) തെരും, കാന്താരി മുളകും കൂട്ടി കുഴച്ചു കഴിക്കാം.പഴങ്കഞ്ഞിയുടെ കൂടെ കഴിക്കാൻ പറ്റിയ കൂട്ടാനുകളാണ്

- അവിയല്
- സാമ്പാര് (തെരും സാമ്പാറുംനന്നായിചേരും)
- അച്ചാര്
- ഉണക്ക മീന് ചുട്ടത്
- ചക്കവേവിച്ചത്
- കപ്പ / ചീനിവേവിച്ചത്

ഔഷധ സസ്യങ്ങൾ

കടലാടി	അക്കിറാന്തസ് അസ് പെറ
വയമ്പ്	അകോറസ് കലാമസ്
ആടലോടകം	അധറ്റോഡ വാസിക
ചിറ്റാടലോടകം	അധറ്റോഡ ബെഡ്ലോമയ്
കൂവളം	ഏഗിൾമാർ മെലസ്
ബലിപ്പൂവ്	ഏർവാ ലനാറ്റ
കറ്റാർ വാഴ	അലോവേര
ചിറ്റരത്ത	അൽപ്പിനിയ കാല്ക്കരേറ്റ
അരത്ത	അൽപ്പിനിയ ഗലാങ്ക
ഏഴിലം പാല	അല്സ്റ്റോണിയ സ്കോളാറിസ്
കിരിയാത്ത്	ആൻട്രോഗ്രാഫിക് പാനിക്കുലാറ്റ
ശതാവരി	ആസ്പരാഗസ് റാസ്മോസസ്
വയൽ ചുള്ളി	ആസ്റ്ററകാന്റ ലോങ്കിഫോളിയ
ആര്യവേപ്പ്	അസഡിറാക്ട ഇൻഡിക്ക
ബ്രഹ്മി	ബക്കോപ്പാ മോന്നിയെരി
നാഗദന്തി	ബലിയോസ്പെമം മൊൻഡാനം
മന്ദാരം	ബൊഹിനിയ എസ്പി
മുക്കുറ്റി	ബയോഫൈറ്റം സെൻസിറ്റീവം
തഴുതാമ	ബൊയർഹാവിയ ഡിഫ്യൂസ
മുള്ളുവേങ്ങ	ബ്രിഡലിയ റെറ്റൂസ

പതിമുഖം	കാസല്പിനിയ സപ്പൻ
എരുക്ക്	കലോട്രോപ്പിസ് ജിജാന്റിയ
പുല്ലാനി	കാലികോപ്റ്ററിസ് ഫ്ലോറിബന്റ
ഉഴിഞ്ഞ	കാർഡിയോസ്പെമം ഹലികാകബം
കണിക്കൊന്ന	കാഷ്യാ ഫിസ്റ്റുല
കുടങ്ങൽ	സെന്റല്ലാ അസിയാറ്റികാ
ചങ്ങലംപരണ്ട	വൈറ്റിസ് കാഡ്രങ്ങുലാരിസ്
ശംഖുപുഷ്പം	ക്ലിറ്റോറിയ ടെർനാറ്റിയ
പനിക്കൂർക്ക	കോളിയസ് അരോമാറ്റിക്കസ്
ഇരുവേലി	കോളിയസ് വെറ്റിവെറോയിഡെസ്
നിലപ്പന	കുർക്കുളിഗോ ഓർക്കിയോയിഡസ്
കസ്തൂരി മഞ്ഞൾ	കുർക്കുളിഗോ അരോമാറ്റികാ
പാടത്താളി	സൈക്ലിയാ പെല്റ്റാറ്റ
കറുക	സൈനോഡൻ ഡക്റ്റൈലോൺ
മുത്തങ്ങ	സൈപ്പറസ് റോട്ടൻസസ്
വേലിപ്പരുത്തി	ഡയേനിയ എക്സ്റ്റൻസാ
ഉമ്മം	ഡാറ്റുറാ മെറ്റൽ
ഓരില	ഡെസ്മോഡിയം ഗാഞ്ചെറ്റികം
കൈതോന്നി	എക്ലിപ്റ്റാ ആൽബാ
ആനച്ചുവടി	എലഫന്റോപ്പസ് സ്കാബർ
മുയൽ	എമിലിയാ സോന്ഗിഫോളിയ

ചെവിയൻ	
പേരാൽ	ഫികസ് ബെങ്കാലെൻസിസ്
അരയാൽ	ഫികസ് റെലിജിയോസ
പിണർപുളി	ഗർസേനിയ കംമ്പോജിയ
മേന്തോന്നി	ഗ്ലോറിയോസ സുപ്പർബാ
കുമ്പിൾ	ഗ്മെലിനാ അർ ബോറിയ
ചക്കരക്കൊല്ലി	ജിംനേമാ സൈൽ വെസ് ട്രെ
നറുനീണ്ടി	ഹെമിഡെസ്മസ് ഇൻഡിക്കസ്
മുറിവുടി	ഹെമിഗ്രാഫിസ് കൊളൊറാറ്റ
ആവിൽ	ഹൊലൊപ്റ്റേലിയ ഇന്റഗ്രിഫോളിയ
അടപതിയൻ	ഹൊലൊസ്റ്റെമ്മാ അന്നുലൈറ്
പാൽ വള്ളി	ഇക്നോകാർപസ് ഫ്രൂട്ടസൻസ്
നീലയമരി	ഇൻഡിഗോഫെറാ ടിൻക്റ്റോറിയ
പാൽ മുതക്ക്	ഇപ്പോമിയ പാനികുലേറ്റ
തെറ്റി	ഇക്സോറ കൊക്കിനിയ
വാതം കൊല്ലി	ജസ്റ്റീസിയ ജെന്റരുസ്സ
കച്ചോലം	കേംപ് ഫെരിയ ഗലങ്ക
ചെങ്ങഴുന്നീർ	കേംപ് ഫെരിയ റൊട്ടുൻഡ
മൈലാഞ്ചി	ലോസോണിയ ഇനെർമിസ്
തുമ്പ	ലൂക്കസ് ആസ്പെറ

തൊട്ടാവാടി	മൈമോസ പുഡിസ
കൃഷ്ണ തുളസി	ഒസിമം സാക്റ്റം
പർപ്പടകപ്പുല്ല്	ഓൾഡൻ ലാന്റിയ എസ്പി
പൂച്ചമീശ	ഓർ ത്തോസിഫണ് സ്റ്റാമിനസ്
പുളിയാറില	ഓക്സാലിസ് കോർണിക്കുലാറ്റ
നെല്ലി	ഫിലാന്റസ് എംബികാ
കീഴാർ നെല്ലി	ഫിലാന്റസ് നിരൂറി
വെറ്റില	പിപ്പർ ബെറ്റൽ
തിപ്പലി	പിപ്പർ ലോങ്കം
കുരുമുളക്	പിപ്പർ നൈഗ്രം
ചുവന്ന കൊടുവേലി	പ്ലംബാഗോ റോസ
പുങ്ക്	പൊങ്കാമിയ ഗ്ലാബ്ര
മൂവില	സ്യൂഡാർത്രിയ വിസ്കിഡ
മാതളം	പുണികാ ഗ്രാനറ്റം
സർപ്പഗന്ധി	റോവോൾഫിയ സെർപ്പന്റിന
ഒരുകാൽ മുടന്തി	റിനാകാന്തസ് കമ്മൂണിസ്
ആവണക്ക്	റിസിനസ് കമ്മൂണിസ്
ചന്ദനം	സാന്റലം ആല്ബം
അശോകം	സറക്ക ഇൻഡിക
കല്ലുരുക്കി	സ്കോപാരിയ ഡല്സിസ്
കുറുന്തോട്ടി	സിഡാ റോമ്പിഫോളിയ

മണിത്തക്കാളി	സൊളാനം നിഗ്രം
ചുണ്ട	സൊളാനം റ്റോർവം
പുത്തരിച്ചുണ്ട	സൊളാനം ഇൻഡികം
കരിങ്കുറിഞ്ഞി	സ് ട്രോബിലാന്റസ് എസ്പി
കാഞ്ഞിരം	സ്ട്രൈക്നോസ് നുക്സ്വോമിക
പുളി	ടാമറിന്റസ് എസ്പി
താന്നി	ടെർമിനാലിയ ബെലെറിക്ക
ചിറ്റമൃത്	ടിനോസ്പൊറ കോർഡിഫോളിയ
വള്ളിപ്പാല	ടൈലോഫെറ അസ്ത്മാറ്റിക
പൂവാംകുരുന്ന്	വെർ നോനിയ സിനെരിയ
രാമച്ചം	വെറ്റിവെറിയ സിസനോയിഡ്സ്
കരിനെച്ചി	വിറ്റെക്സ് നെഗുണ്ടോ
അമുക്കുരം	വിതാനിയ സോമ്നിഫെറ
വെട്ടുപാല	റിഗ്ത്തിയ ടിങ്ക് റ്റോറിയ
ഇഞ്ചി	ജിഞ്ചിബർ ഒഫിസിനാൽ
നോനി.	മോറിൻഡ സിട്രിഫോലിയ

ആരാധനാലയങ്ങൾ

കല്ലറയുടെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി ധാരാളം ആരാധനാലയങ്ങൾ നിലകൊള്ളുന്നു. ഹിന്ദുമതത്തിലെ ഓരോ സമുദായത്തിനും സ്വന്തമായി ഒരു ക്ഷേത്രമുള്ള ഗ്രാമം എന്ന അപൂർവ്വതയും ഒരു പക്ഷേ കല്ലറയ്ക്ക് അർഹതപ്പെട്ടതായിരിക്കും. ക്രിസ്ത്യൻ പള്ളികളും ഹൈന്ദവ ക്ഷേത്രങ്ങളും കൂടാതെ വിവിധ കുടുംബ കൂട്ടായ്മകളുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളും സർപ്പക്കാവുകളും ഇവിടെയുണ്ട്.

കല്ലറപഴയപള്ളി

A D 1890-ാംആണ്ടോടടുത്ത് കല്ലറകേന്ദ്രമാക്കിആരംഭിച്ചഒരുക്നാനായമാസക്കൂട്ടമാണ് കല്ലറസെന്റ് തോമസ് ഇടവകദേവാലയത്തിന് ആരംഭംകുറിച്ചത്. പള്ളിപണിയുന്നതിനുള്ള പുരയിടംദാനംചെയ്തത്

ചെരുവില് കുരുവിളയുംചോരത്ത് പുത്തന്പുരയില് ഔസേപ്പുമാണ്. മാര്ത്തോമ്മാശ്ലീഹായുടെനാമധേയംനിശ്ചയിച്ചത് നറുക്കെടുപ്പിലൂടെയാണ്.

1896-ല്പള്ളിക്കെട്ടിടത്തിന്റെപണികളാരംഭിച്ചു. ആകെചിലവായത് 603 രൂപ, 19 ചക്രം, 15 കാശ്ആണ്. കല്ലറകുരിശുപള്ളി"എന്ന് വിളിച്ചിരുന്നഈദേവാലയത്തിന്റെവെഞ്ചരിപ്പുംപ്രഥമദിവ്യ ബലിയര്പ്പണവും 1900 ഏപ്രില് 22-ാംതീയതിചങ്ങനാശ്ശേരിരൂപതാദ്ധ്യക്ഷനായിരുന്നമാക്കീല് മാര്മത്തായിമെത്രാന്നിര്വ്വഹിച്ചു. പള്ളിയുടെപ്രഥമവികാരിയായിഇടവകാംഗമായപഴുക്കായി ല്മത്തായിഅച്ചന്നിയമിതനായി. പള്ളിയുടെസാമ്പത്തികഭദ്രതയ്ക്കായി `കെട്ടുതെങ്ങ്', പിടിയരികൂടാതെപള്ളിതലയാളായിഒരുചിട്ടിയുംനടത്തിയി രുന്നു. 1900-മാണ്ടില്പണികഴിപ്പിച്ചഇടവകദേവാലയംപുതുക്കിപ്പണിയു വാന്സാധിച്ചത്, 1959-ലാണ് 1959 ജൂലൈരണ്ടാംതീയതിഅഭിവന്ദ്യതോമസ് തറയില്മെത്രാന്പള്ളിആശീര്വദിച്ചു. നിരവത്ത് സ്റ്റീഫനച്ചന്വികാരിആയിരിക്കെ 1975-ല്പള്ളിയുടെപ്ലാറ്റിനംജൂബിലിആഘോഷിച്ചു.

വളേളാപ്പളളില് തോമസച്ചന് വികാരിയായിരിക്കെ 1999-2000 പളളിയുടെശതാബ്ദിവര്ഷമായിരുന്നു.

ഇപ്പോള് ഈഇടവകകയില് 570 കുടുംബങ്ങളാണുള്ളത്. വിസിറ്റേഷന് കന്യകാലയത്തോടനുബന്ധിച്ച് 2007-ല് ആരംഭിച്ചു. അഞ്ചുകപ്പേളകള് നിലവിലുണ്ട്.

സെന്റ്.മേരീസ് ചർച്ച് (പുത്തൻപള്ളി)

കളമ്പുകാട് തോടിന് വടക്ക് പാർത്തിരുന്ന ക്നാനായ സമുദായക്കാരുടെ സൗകര്യാർത്ഥം 1933 -ൽ വടക്കേ കല്ലറയിൽ സെന്റ്. മേരീസ് ചർച്ച് (പുത്തൻപള്ളി) സ്ഥാപിതമായി. 2008 ൽ ജൂബിലി ആഘോഷിച്ച ഈ ദേവാലയം പുതുക്കിപണിത് മനോഹരമാക്കിയിട്ടുണ്ട്.

പഴയപള്ളിയുടെയും പുത്തൻപള്ളിയുടെയും കീഴിൽ വിവിധ കേന്ദ്രങ്ങളിലായി കുരുശുപള്ളികളും നിലവിലുണ്ട്. കൂടാതെ മണിയത്തുരുത്ത് നിവാസികൾക്ക് വേണ്ടി സെന്റ്. മാത്യൂസ് പള്ളിയും, പെരുത്തുരുത്ത് നിവാസികൾക്ക് വേണ്ടി സെന്റ്. ആന്റണീസ് ദേവാലയവും പണികഴിഷ്പിച്ചിട്ടുണ്ട്.

പാണ്ഡവർകുളങ്ങര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം

പണ്ഡവരുടെ അജ്ഞാതവാസക്കാലത്ത് അവർ ഈ പ്രദേശത്ത് താമസിച്ചിരുന്നുവെന്നും. തദവസരത്തിൽ ആരാധനക്കായി അവർ ഉപയോഗിച്ചിരുന്ന കൃഷ്ണവിഗ്രഹമാണ് പിന്നീട് ഇവിടെ പ്രതിഷ്ടിക്കപ്പെട്ടത് എന്നും വിശ്വസിക്കുന്നു. ഈ ക്ഷേത്രം ഇവിടെ പണികഴിഷ്പിക്കപ്പെട്ടിട്ട് 1000

വർഷം കഴിഞ്ഞു എന്നാണ് നാട്ടറിവ്. അഷ്ടമി നാളിലെ രോഹിണി ദിവ സത്തിലാണ് ഇവിടെ ഉത്സവം നടക്കുന്നത്.

പാണ്ഡവർകുളങ്ങര ദേവീക്ഷേത്രം

കല്ലറയിലുള്ള ഏറ്റവും പുരാതനമായ ക്ഷേത്രങ്ങളിൽ ഒന്നാണ് പാണ്ഡ വർകുളങ്ങര ദേവീ ക്ഷേത്രം. കുഭം മാസത്തിലെ ഭരണി നാളിലാണ് ഈ ക്ഷേത്രത്തിൽ ഉത്സവം നടക്കുന്നത്. അന്നേ ദിവസം ഈ ക്ഷേത്രത്തിൽ ഗരുഡൻതൂക്കവും മറ്റ് അനുബന്ധ കലാരൂപങ്ങളും അരങ്ങേറാറുണ്ട്.

ശ്രീ ശാരദാ ദേവീ ക്ഷേത്രം

മലയാളവർഷം 1143 ധനുമാസത്തിലാണ് ശ്രീ ശാരദാ ദേവീ ക്ഷേത്രം പ്രതിഷ്ഠ നടന്നത്. എസ്.എൻ.ഡി.പി. കല്ലറ ശാഖയോഗത്തിന്റെ മേൽനോട്ടത്തിലുള്ള ഈ ക്ഷേത്രം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ച് നാടിന്റെ ഹൃദയഭാഗത്തുതന്നെ സർവ്വ ജനങ്ങൾക്കും അഭയസ്ഥാനമായി നിലകൊള്ളുന്നു. മകരമാസത്തിലെ സംക്രമ നാളിലാണ് ഈ ക്ഷേത്ര ത്തിലെ ഉത്സവം കൊണ്ടാടുന്നത്.

പെരിയാർ കുളങ്ങര വനദുർഗ്ഗാ ക്ഷേത്രം

പെരിയാർ കുളങ്ങര വനദുർഗ്ഗാ ക്ഷേത്രം പാണ്ഡവർകുളങ്ങര ക്ഷേത്ര ത്തിന്റെ അനുബന്ധ ക്ഷേത്രമായി ഒരു കാലം വരെ നിലനിന്നിരുന്നു. അക്കാലത്ത് രണ്ടു ക്ഷേത്രങ്ങളുമയും ഊരാന്മക്കാർ കോലത്തില്ലം ആയി രുന്നു. ഇടക്കാലത്ത് അവഗണിക്കപ്പെട്ടുകിടന്നിരുന്ന പ്രസ്തുത ക്ഷേത്രം കല്ലറ ശാഖയുടെ മേൽനോട്ടത്തിൽ നവീകരിച്ച് ഐശ്വര്യം വീണ്ടെടുത്തി രിക്കുന്നു. ചേരമർ ഹിന്ദു സമുദായത്തിന്റെ കുടി ക്ഷേത്രമായ ഇവിടെ മേട മാസത്തിലെ പത്താമുദത്തിലാണ് ഉത്സവം കൊണ്ടാടുന്നത്.

ചോഴിക്കര മഹാദേവ ക്ഷേത്രം (കല്ലറ നോർത്ത്)

ഈ ക്ഷേത്രത്തിലെ ഉത്സവം മകരമാസത്തിലെ തിരുവാതിര നാളിലാണ് നടന്നുവരുന്നത്.

പെരുത്തുരുത്ത് ഇടമന ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

മേട മാസത്തിലെ രോഹിണി നാളിലാണ് ഈ ക്ഷേത്രത്തിൽ ഉത്സവം കൊണ്ടാടുന്നത്.

തീയത്ത് ധന്വന്തരി മൂർത്തി ക്ഷേത്രം

ഈ ക്ഷേത്രത്തിലെ ഉത്സവം കൊണ്ടാടുന്നത് വിഷു നാളിലാണ് (മേടം 1)

കെ.പി.എം.എസ് സംഘടനയുടെ മേൽ നോട്ടത്തിലുള്ള ശൈവ-വൈഷ്ണവ ക്ഷേത്രം നീരൊഴുക്കിൽ ജംഗ്ഷന് സമീപമുള്ള ഭദ്രകാളി ക്ഷേത്രം എന്നിവയും നമ്മുടെ ഗ്രാമത്തിലെ പ്രധാന ആരാധനാലയങ്ങളാണ്

അനുഷ്ടാനകലകൾ

തീയാട്ട്

കേരളത്തിലെഭദ്രകാളിക്ഷേത്രങ്ങളിൽമാത്രംനടത്തുന്നസവിശേഷമായഒരുഅനുഷ്ടാനമാണ്തീയാട്ട്.
ഉത്തരകേരളത്തിൽനടത്തുന്നമുടിയേറ്റുമായിഅഭേദ്യമായബന്ധമുള്ളകലാരൂപമാണ്തീയാട്ട്.
ഭദ്രകാളിദാരികയുദ്ധമാണ്തീയാറ്റിന്റെപ്രതിപാദ്യവിഷയം.
പാരമ്പര്യമായിഇണ്ണിസമുദായത്തിൽപെട്ടവരാണ്ഈകലാരൂപംഅവതരിപ്പിക്കുന്നത്.
ചുവന്നവസ്ത്രംധരിച്ചുകേരീടവുംമുടിയുംചിലമ്പുമാളുംപീഠവുമായാണ്തീയാട്ട്അവതരിപ്പിക്കുക.
ചെണ്ടഇലത്താളംഎന്നിവയുടെആകമ്പടിയുംഉണ്ടാവും.

തീയാട്ട്ആരംഭിക്കുന്നതിന്മുന്പായിഭദ്രകാളിയുടെബഹുവർണചിത്രംനിലത്തുകളമെഴുതിപൂജനടത്തും.
അതിനുശേഷംകാലംമായിച്ചഭക്തർക്ക്പ്രസാദമായിനൽകും.
അതിനുശേഷംമേളംആരംഭിക്കുമ്പോൾദേവിയുടെവേഷത്തിൽകലാകാരൻപ്രവേശിക്കുന്നു.
തുടർന്നു *"കാളീംമേഘസമപ്രാഭാം"*എന്നുതുടങ്ങുന്നഭദ്രകാളിസ്തുതിയോടെതീയാട്ട്ആരംഭിക്കുന്നു.

ഭാരതീയപുരാണമനുസരിച്ച്പരമശിവന്റെമകളാണ്ഭദ്രകാളി
.
അസുരനായദാരികൻപരമശിവനിൽനിന്നുവരാംസംപാടിക്കു
ന്നു :-
തന്റെഒരുതുള്ളിചോരഭൂമിയിൽവീണാൽഅതിൽനിന്നുംത
ന്റെതുല്യശക്തിയുള്ള 1000
ദാരികൻമാർഉണ്ടാവണമെന്നുംഒരുസ്ത്രീയാൽമാത്രമേതാൻമ
രണപ്പെടാവൂഎന്നതുംആയിരുന്നുവരം.
വരംലഭിച്ചതോടെഅത്യധികംഅഹങ്കാരിയായദാരികൻദേവ
ന്മാരെയുംമഹർഷികളെയുംആക്രമിക്കാൻതുടങ്ങി.
ഒടുവിൽദേവന്മാരുടെഅഭ്യർഥനപ്രകാരംഭദ്രകാളിഅവതാര
മെടുത്തു.
മഹാദേവന്റെശൂലവുമായിശംഖ് ചക്രംഗദഖഡ്കവുമായി
വേതാളഖണ്ഡത്തിൽകയറിദേവിദാരികനെനേരിടാൻഒരുങ്ങു
ന്നു.
യുദ്ധഭൂമിയിൽഎത്തുന്നദേവിദാരികനെപോരിനവിളിക്കുന്ന
ത്മുതലുള്ളരംഗമാണ്തീയാട്ടിൽഅവതരിപ്പിക്കുന്നത്.
തുടർന്നുദാരികനുംദേവിയുംതമ്മിൽനടക്കുന്നവാഗ്വാദങ്ങളും
തുടർന്നുനടക്കുന്നയുദ്ധമൂറകളുംആസുരവാദ്യമായചെണ്ടയു
ടെആകമ്പടിയോടെഅവതരിപ്പിക്കുന്നു.
മന്ദവുംചടുലവുമായതാളങ്ങളിൽയുദ്ധത്തിന്റെഗതിമാറുന്ന
ത്പ്രകടമാകുന്നു.

ഒടുവിൽദാരികന്റെതലഅറുത്തെടുക്കുന്നദേവിരക്തംഭൂമിയിൽവീഴാതിരിക്കാൻതലഒരുതളികയിൽപിടിക്കുന്നു.

കുംഭഭരണിയിൽകുംഭകൂടമഹോത്സവത്തോടെയാണ്തീയാട്ട് ആരംഭിക്കുന്നത്. കുംഭഭരണിമുതൽഏകദേശം 51 ദിവസമാണ്തീയാട്ട്നടത്തുക.
തീയാട്ടിനോട്അനുബന്ധിച്ചുരയ്ക്കുന്നദേവിയുടെരൂപത്തിൽമഞ്ഞൾപ്പൊടിഉമിക്കരിപച്ചിലകൾപൊടിച്ചത്അരിപ്പൊടിഎന്നിവഉപയോഗിക്കുന്നു

<u>സർപ്പംതുള്ളൽ</u>

സർപ്പക്കാവുകളിൽചിലപ്രത്യേകമലയാളമാസത്തിലെആയില്യംനാളുകളിലാണ്സാധാരണസർപ്പംതുള്ളൽനടന്നുവരുന്നത്. ആയവസങ്ങളിൽകാവുകളിൽപ്രത്യേകപൂജകൾലുംകളമെഴുത്തുംനടത്തും.
ഈപൂജാസമയത്ത്സർപ്പത്തിന്റെഅനുഗ്രഹംചിലപ്രത്യേകവ്യക്തികൾക്ക്കിട്ടുന്നതായാണവിശ്വാസം .
ആവ്യക്തികൾതുള്ളുകയുംസർപ്പത്തിന്റെചേഷ്ടകൾകാണിക്കുകയുംഅരുളപ്പാടുകൾനടത്തുകയുംചെയ്യുന്നു.

<u>കളമെഴുത്തുംപാട്ടും</u>

വിരലുകൾഉപയോഗിച്ച്പലവർണ്ണങ്ങളിൽഉള്ളപൊടികൾകൊണ്ട്ദേവീദേവന്മാരുടെരൂപങ്ങൾനിലത്തുവരയ്ക്കുന്നസ

മ്പ്രദായമാണ്കളമെഴുത്ത്. കളമെഴുത്തുംപാട്ട്, മുടിയേറ്റ്, ഭദ്രകാളിത്തീയാട്ട്, അയ്യപ്പൻതീയാട്ട്, കോലംതുള്ളൽ, സർപ്പംതുള്ളൽതുടങ്ങിയക്ഷേത്രഅനുഷ്ഠാനകലകളോട്അനുബന്ധിച്ച്കളമെഴുത്ത്നടത്തപ്പെടുന്നു.

ഈകലയുടെവിഷയങ്ങളായിസധാരണചിത്രീകരിക്കപ്പെടുക കാളി, ദുർഗ്ഗ, അയ്യപ്പൻ, യക്ഷി, ഗന്ധർവൻ, നാഗങ്ങൾതുടങ്ങിയമൂർത്തികളെയും,
തിരുമന്ധാംകുന്നിലമ്മയെയുമാണ്.

കളമെഴുതുന്നത് ചിലസമുദായങ്ങളുടെകുലവൃത്തിയായികണക്കാപ്പെടുന്നു.

കേരളത്തിൽപണ്ടുനിലനിന്നിരുന്നജാതിവ്യവസ്തകൾഎല്ലാക്ഷേത്രകലകളേയുംപോലെകളമെഴുത്തിനുംഒരുകുലവൃത്തിപരിവേഷംതീർത്തുഎന്നുപറയുന്നതാവുംശരി.
ക്ഷേത്രകലകളിൽപലതുംകേരളത്തിന്റെഅങ്ങോളമിങ്ങോളംചിലജാതികളുടെമാത്രംഅതിർവരമ്പുകൾക്കുള്ളിൽഒതുങ്ങിനിൽക്കുമ്പോൾകളമെഴുത്ത് എന്നകലവിവിധജാതികൾകൈകാര്യംചെയ്യുന്നുഎന്നത്തന്നെആശ്വാസകരമാണ്.
കളമെഴുത്തുപാട്ടിനുംമുടിയേറ്റിനുംമുന്നോടിയായികളംവരയ്ക്കുന്നത്കുറുപ്പജാതിയിൽ
(മധ്യകേരളത്തിലെകളമെഴുത്തുകുറുപ്പന്മാർ,കല്ലറ്റുകുറുപ്പന്മാർഎന്നപേരിലാണറിയപ്പെടുന്നത്) പെട്ടവരാണ്.
അയ്യപ്പൻതീയാട്ടിനുതീയ്യാടിനമ്പ്യാർമാരും,
ഭദ്രകാളിതീയാട്ടിനുതീയാട്ട്ഉണ്ണിജാതിയിൽപെട്ടവരും,

നാഗകളമെഴുതുന്നത്പുള്ളുവന്മാരുംകോലംതുള്ളലിനുകണി
യാന്മാരുംആണ്കളമെഴുത്ത്നടത്തുന്നത്.
ക്ഷേത്രആചാരങ്ങളിൽപെടാത്തമന്ത്രവാദത്തിന്കളമെഴുതുന്ന
തുണ്ണാന്മാരാണ്.
വണ്ണാൻ,മലയൻ,പുലയർ,മാവിലർ,മുന്നൂറ്റാൻ,പറയൻ,പണി
യൻ,ആവിയർ,വേലൻ,കോപ്പാളൻ,കുറവർ,തുടങ്ങിയവിവി
ധസമുദായങ്ങളുംകളമെഴുത്തുകൾനടത്താറുണ്ട്.

പഞ്ചവർണ്ണംഎന്ന്പറയുന്നപ്രകൃതിദത്തമായഅഞ്ച്തരംപൊ
ടികളാണ്കളമെഴുത്തിനുഉപയോഗിക്കുന്നത്. ഉമിക്കരി
(കറുപ്പ്), അരിപ്പൊടി (വെള്ള), മഞ്ഞൾപ്പൊടി (മഞ്ഞ),
നെന്മേനിവാകയുടെപൊടി (പച്ച),
മഞ്ഞളുംചുണ്ണാമ്പുംഅരിപ്പൊടിയുംചേർത്തമിശ്രിതം

(ചുവപ്പ്)
എന്നിവയാണ് കളമെഴുത്തിനുളപയോഗിക്കുന്നനിറങ്ങൾ.വിര
ലുകൾമാത്രംളപകരണമാക്കിഈഅഞ്ചുതരംനിറങ്ങൾമാത്രംള
പയോഗിച്ചുദേവീദേവന്മാരുടെരൂപങ്ങൾനിലത്തുവരയ്ക്കു
ന്നഎന്നപ്രത്യേകതയാണ് കളമെഴുത്തിനെമറ്റുചിത്രകലകളി
ൽനിന്നവ്യത്യസ്തമാക്കുന്നത്.

ചുരുങ്ങിയത്രണ്ട് പേരെങ്കിലുംകളമെഴുത്തിനുവേണം.
വ്രതാനുഷ്ടാനങ്ങളോടെഇഷ്ടദേവതയെമനസ്സിൽധ്യാനിച്ചശേഷ
മാണ് കളമെഴുത്ത് ആശാൻകളംവരച്ച് തുടങ്ങുന്നത്.
ആദ്യംഒരുനേർവരവരയ്ക്കുകയാണ് ചെയ്യുന്നത്.
ഇതിനെ"ബ്രഹ്മസൂത്രം"എന്നാണ് കളമെഴുത്തുകാർപറയുന്നത്.
ശേഷംഅരിപ്പൊടിയോകറുത്തപൊടിയോളപയോഗിച്ച്ശരീ
രാവയവങ്ങൾവരച്ച്തുടങ്ങും. മുഖം, കഴുത്ത്, മാറ്,
കിരീടംഎന്നിവഒരാളുംളദരം,
കൈകാലുകൾഎന്നിവമറ്റൊരാളുംവരയ്ക്കുകയാണ് പതിവ്.

പലഅനുഷ്ഠാനരൂപങ്ങളിലുംകളമെഴുത്തുണ്ട്.
ദേവപ്രീതിക്കുവേണ്ടിയുംഅശുഭങ്ങൾഒഴിവാക്കാനുംവേണ്ടി
യാണ് കളമെഴുത്തുംപാട്ടുംനടത്തുന്നത്.
ഭഗവതീക്ഷേത്രങ്ങളിലെഉത്സവങ്ങൾക്കുംസർപ്പക്കാവുകളി
ലുംഅയ്യപ്പൻകാവുകളിലുംവിശേഷാവസരങ്ങളിലോ,
വൃശ്ചികംഒന്നാംതീയതിമുതൽധനുപതിനൊന്നുവരെയുള്ളമ
ണ്ഡലക്കാലത്തോആണ് കളമെഴുത്ത് സാധാരണയായിനടക്കുന്ന
ത്.

ആരാധനാലയങ്ങൾക്കുപുറമേആഢ്യഗ്രഹങ്ങളിലുംവർഷത്തിൽഒന്നോരണ്ടോതവണകളമെഴുത്തുംപാട്ടുംനടത്തുന്നത്പണ്ടത്തെപതിവായിരുന്നു.

ഒരുകാലത്ത്കേരളത്തിൽപ്രചരിച്ചിരുന്നബുദ്ധമതത്തിന്റെസംഭാവനയാണ്ധൂളിചിത്രരചനയുടെഭാഗമായകളമെഴുത്തെന്ന്ഒരുവാദമുണ്ട് .
ബുദ്ധമതംഎത്തുന്നതിന്മുമ്പ്കേരളത്തിൽപ്രചരിച്ചിരുന്നശാക്തേയമതവുമായിബന്ധപ്പെടുന്നഒരുശാക്തേയഅനുഷ്ടാനമാണ്കളമെഴുത്ത്എന്നുംപറയപ്പെടുന്നു .
കളങ്ങൾപൂജിക്കുവാൻതെറ്റിപൂവ്നിർബന്ധമായുംവേണം, എന്ത്ആചാരവുംപൂജാവേളയിൽതാന്ത്രികമുദ്രകളുംഇക്കാര്യംസൂചിപ്പിക്കുന്നുണ്ട്. ദ്രാവിഡമെന്നോആവൈദികമെന്നോ, പറയാവുന്നകാവുകളിലുംആരാധനാലയങ്ങളിലുംമാത്രമേകളമെഴുത്ത്നടക്കുന്നുള്ളൂഎന്നുകാണുന്നതിലുംപ്രാധാന്യമുണ്ട്. പകർച്ചവ്യാധികളിൽനിന്നുംദുർഭൂതങ്ങളിൽനിന്നുംരക്ഷതേടാനുംഉദ്ദിഷ്ടകാര്യസാധ്യത്തിനുംവേണ്ടിഎന്നുവിശ്വസിച്ച്കളമെഴുത്തുംപാട്ടുംനടത്തുന്നസമ്പ്രദായംഅയ്മനംപഞ്ചായത്തിലെവിവിധകാവുകളിൽകണ്ടുവരുന്നു.

.

കളമെഴുത്ത്കഴിഞ്ഞ്മണിക്കൂറുകൾനീണ്ടുനിൽക്കുന്നപൂജക
ൾക്കൊപ്പംഭഗവതിയെസ്തുതിക്കുന്നപാട്ടുകൾപാടുന്നു.
ഒപ്പംഗണപതി,
സരസ്വതിഎന്നീദേവതകളെയുംസ്തുതിച്ചുകൊണ്ടുള്ളപാട്ടുക
ളുംകളത്തിന്മുന്നിലിരുന്ന്പാടുന്നു.
വെളിച്ചപ്പാട്തുള്ളാൻതുടങ്ങുമ്പോൾപാട്ടിന്റെതാളവുംമുറു
കുന്നു.
പിന്നെതുള്ളിയുറയുന്നവെളിച്ചപ്പാടുതന്നെകളംമായ്ക്കുന്നു.
അതിനുശേഷംകളത്തിലെവർണ്ണക്കൂട്ടുകളും,
അരച്ചമഞ്ഞളും,
ചന്ദനവുംപൂജിച്ചപുഷ്പങ്ങൾക്കൊപ്പംഭക്തർക്കുിതരണംചെ
യ്യുന്നതോടെകളമെഴുത്തുംഅതിന്റെചടങ്ങുകളുംഅവസാനി
ക്കുന്നു.

പുള്ളുവൻപാട്ട്

കേരളത്തിന്റെ തനതുപാരമ്പര്യത്തിന്റെ ഭാഗവും പ്രാചീനവുമായ നാടൻപാട്ടുസംസ്കാരത്തിൽ വേറിട്ടുനിൽക്കുന്ന ഒരു സംഗീതശാഖയാണു് **പുള്ളുവൻ പാട്ട്.** കേരളത്തിലെ ഹൈന്ദവജനതയുടെ അനുഷ്ഠാനങ്ങളുടെ ഭാഗമായ കാവുകളുമായിഅഭേദ്യമായ ബന്ധമാണു് പുള്ളുവൻ പാട്ടിനുണ്ടായിരുന്നതു.

കർണ്ണാടകസംഗീതം, സോപാനസംഗീതം എന്നിവയിൽനിന്നെല്ലാം വിഭിന്നമായ ഒരു ആലാപനരീതിയും താളവുമാണു് പുള്ളുവൻ പാട്ടുകൾക്കുള്ളതു്. അതോടൊപ്പം സവർണ്ണതറവാടുകളിലെ സർപ്പക്കാവുകളും സർപ്പപ്രതിഷ്ഠകളും ഉൾപ്പെടുന്ന ഒരനുഷ്ഠാനകലയും കൂടിയാണതു്. കളമെഴുത്തുപാട്ടിൽ ഭഗവതിയാണെങ്കിൽ പുള്ളുവൻ പാട്ടിൽ നാഗത്താന്മാരാണു് ആരാധനാമൂർത്തികൾ.

മഹാഭാരതത്തിലെ ഖാണ്ഡവദഹനം എന്ന കഥയിൽ ഖാണ്ഡവവനത്തിൽ പാർത്തിരുന്ന ജരിത, മന്ദപാലൻ എന്നീ പക്ഷികളുടെ വംശത്തിലെ പിന്മുറക്കാരാണു് തങ്ങൾ എന്നു പുള്ളുവർ അവകാശപ്പെടാറുണ്ടു്. ഇക്കഥ സൂചിപ്പിക്കുന്ന പുള്ളുവൻ പാട്ടുകളും അവരുടെ വായ്മൊഴിശേഖരങ്ങളിൽ കാണാം. എഡ്ഗാർ തെഴ്സ്റ്റൺ രചിച്ച ദക്ഷിണേന്ത്യയിലെ ജാതിസമൂഹങ്ങൾ എന്ന ഗ്രന്ഥപരമ്പരയിൽ

പുള്ളുവസമുദായത്തെക്കുറിച്ച് വിശദമായി വിവരിച്ചിട്ടുണ്ടു്.

നാഗങ്ങളുമായി ബന്ധപ്പെട്ട് മഹാഭാരതത്തിലും ഭാഗവതത്തിലും മറ്റു പുരാണങ്ങളിലുമുള്ള കഥകളാണു് മിക്ക പാട്ടുകളിലുമുള്ളതു്. ഗരുഡോൽപ്പത്തി, കാളിയദമനം, വിഷപരീക്ഷ, നാഗോൽസവം, പാലാഴി മഥനം തുടങ്ങിയ ഇത്തരം കഥകളാണു് ഇപ്പോൾ അവശേഷിക്കുന്ന പ്രചാരത്തിലുള്ള പാട്ടുകളിലെ പ്രമേയം. ഇത്തരം പാട്ടുകൾക്കു പുറമേ, ചെറിയ കുട്ടികളുടെ നാവൂറു പാടുക എന്ന ഒരു ചടങ്ങും പുള്ളുവന്മാരുടെ അവകാശമായി കണക്കാക്കപ്പെട്ടിരുന്നു.

കുട്ടികൾക്കു് മറ്റുള്ളവരിൽ നിന്നും ദൃഷ്ടിദോഷം സംഭവിക്കാതിരിക്കാൻ നാവൂറു പാടിക്കണമെന്നായിരുന്നു അക്കാലത്തെ വിശ്വാസം

<u>ഗരുഡൻതൂക്കം</u>

ദാരികവധത്തിനുശേഷംരക്തദാഹംതീരാത്തകാളികലിതുള്ളി നിന്നു

പറഞ്ഞയമഹാവിഷ്ണുഗരുഡനെകാളിയുടെസമീപത്തേക്ക്. മിത്തംചെയ്തുകാളിയുടെകോപംഅടക്കാൻശ്രച്ചു.ഗരുഡൻന്യ ച്ചു.ഗരുഡണ്ടെഏതാനുംതുള്ളിരക്തംകിട്ടിയപ്പോഴാണ്കാളി യുടെകോപംശമിച്ചത്-

പശ്ചാത്തലമായകഥയാക്കംഎന്നകലാരൂപത്തിന്ഗരുഡൻതൂ ഈകലാദക്ഷിണകേരളത്തിലെകാളീക്ഷേത്രങ്ങളിലാണ്.ണിത് .രൂപംഅരങ്ങേറുന്നത്'തൂക്കം','വില്ലിൽതൂക്കംഎന്നുംപേരുണ്ട് ലക്ഭദ്രകാളിപ്രീതിയാണ്.ഷ്യം

വച്ചുകെട്ടിയവേഷക്കാരെതൂക്കക്കാചുണ്ടുംചിറകുമൊക്കെ.
ക്കച്ചാടിരെന്നാണുപറയുക.നൃത്തംകഴിഞ്ഞുതൂക്കക്കാരൻതൂ
രക്തംദേവിക്ക്പ്രദക്ഷിണംവച്ച്യറും.പിന്നെക്ഷേത്രത്തിന്ൽക
.ക്കുംസമർപ്പിഗരുഡൻതൂക്കവുമായിസാദൃശ്യമുണ്ട്'ഗരുഡ
ൻപറവയ്ക്ക്'.ഈകലാരൂപത്തിന്ഗരുഡൻപയറ്റ്എന്നുംപേ
രുണ്ട്.പുരുഷന്മാരാണ്ഗരുഡൻപറവ്യ്ക്ക്വേഷംകെട്ടുന്നത്.

<u>തിരുവാതിരകളി</u>

കേരളത്തിലെവനിതകളുടെതനതായസംഘനൃത്തകലാരൂപമാ
ണ്തിരുവാതിരക്കളി. ഓണം,
ധനുമാസത്തിലെതിരുവാതിരതുടങ്ങിയആഘോഷാവസരങ്ങ
ളിലാണ്സാധാരണഈകളിനടക്കാറുള്ളത്.
നമ്പൂതിരിസമുദായത്തിന്റെവിവാഹചടങ്ങുകൾക്കിടയിലും
ഇത്അവതരിപ്പിക്കാറുണ്ട്.മതാനുഷ്ഠാനങ്ങളുടെഭാഗമായും
അല്ലാതെയുംഅവതരിപ്പിക്കപ്പെടുന്നഈനൃത്തംവനിതകൾചെ
റിയസംഘങ്ങളായാണ്അവതരിപ്പിക്കുന്നത്.
ചെറിയവ്യത്യാസങ്ങളോടെയാണെങ്കിലുംകൈകൊട്ടിക്കളി,
കുമ്മികളിഎന്നീപേരുകളിലുംഈകലാരൂപംഅറിയപ്പെടുന്നു.
സുദീർഘവുംമംഗളകരവുമായദാമ്പത്യജീവിതംപ്രദാനംചെ
യ്യുന്നഒന്നാണ്ഈനൃത്തംഎന്നാണ്കരുതുന്നത്.
തിരുവാതിരനാളിൽരാത്രിയാണ്ഈകളിഅവതരിപ്പിക്കുന്നത്.

പാർവതിശിവനെഭർത്താവായിലഭിക്കാനായികഠിനമായതപ
സ്സുചെയ്യുകയുംശിവൻധനുമാസത്തിലെതിരുവാതിരനാളിൽ
പാർവതിക്കുമുന്നിൽപ്രത്യക്ഷപ്പെട്ട്ഭർത്താവാകാൻസമ്മതി
ക്കുകയുംചെയ്യുന്നു.
ഇതാണ്കന്യകമാരുംസുമംഗലികളുംതിരുവാതിരകളിഅവത
രിപ്പിക്കാൻകാരണമെന്ന്ഒരുഐതിഹ്യം.
കാമദേവനുംശിവനുമായിബന്ധപ്പെട്ട്മറ്റൊരുഐതിഹ്യവും
പ്രചാരത്തിലുണ്ട്.
പാർവതിയുമായിഅനുരാഗംതോന്നാനായിശിവനുനേർക്ക്അ
മ്പെയ്യുകയുംശിവൻക്രോധത്തിൽകാമദേവനെതൃക്കണ്ണ്തുറ
ന്ന്ദഹിപ്പിക്കുകയുംചെയ്തു.
കാമദേവന്റെഭാര്യരതിപാർവതിയോട്സങ്കടംധരിപ്പിക്കുക
യുംപാർവതിതിരുവാതിരനാളിൽവ്രതംഅനുഷ്ഠിച്ച്പ്രാർത്ഥി
ച്ചാൽകാമദേവനുമായിവീണ്ടുംചേർത്തുവക്കാമെന്നവരംകൊടു
ക്കുകയുംചെയ്തുഎന്നുംഅതിന്റെതുടർച്ചയായാണ്ഇന്ന്തി
രുവാതിരക്കളിഎന്നുമാണവിശ്വസിക്കുന്നു.

സൂര്യാസ്തമയത്തിനുശേഷമാണ്തിരുവാതിരക്കളിആരംഭി
ക്കുക.
അർദ്ധരാത്രിയിൽതിരുവാതിരനക്ഷത്രമുദിച്ചുകഴിഞ്ഞാൽനർ
ത്തകികൾഭക്ത്യാദരപൂർവംപാട്ടുകൾപാടുകയുംദശപുഷ്പ
ങ്ങൾഅഷ്ടമംഗല്യത്തോടൊപ്പംനിലവിളക്കുംപിടിച്ചവീട്ടിലേ
ക്ക്കൊണ്ടുവരുന്നു.
പിന്നീട്ഈപുഷ്പങ്ങൾഅവർമുടിയിൽധരിക്കുന്നു.

ഇതിനെപാതിരാപ്പൂച്ചൂടൽഎന്നാണ് പറയുക.
ഓരോപൂവിന് റേയുംദേവതമാരെസ്തുതിക്കുന്നപാട്ടുകൾപാടിയാണ് പൂചൂടിക്കുന്നത്. കുരവയുംകൂടെകാണാറുണ്ട്.

കത്തിച്ചഒരുനിലവിളക്കിനുചുറ്റുംവട്ടത്തിൽപാട്ടിന് റെതാളത്തിനൊപ്പിച്ച്പെൺകുട്ടികൾപരസ് പരംകൈകൊട്ടിക്കൊണ്ട്നൃത്തംചെയ്യുന്നു.
സാരിയുംബ്ലൗസുമാണ്തിരുവാതിരക്കളിയ്ക്ക്ഉപയോഗിക്കുന്നവേഷം.
തിരുവാതിരകളിക്കുന്നപെൺകുട്ടികളുടെസംഘത്തിന് ഒരുനായികകാണും.
നായികആദ്യത്തെവരിപാടുകയുംസംഘംഅതേവരിഏറ്റുപാടുകയുംചെയ്യുന്നു.
പാട്ടിന് റെതാളത്തിനൊപ്പിച്ച്സംഘത്തിലുള്ളവർചുവടുവയ്ക്കുകയുംകൈകൾകൊട്ടുകയുംചെയ്യുന്നു.
ലാസ്യഭാവമാണ് കളിയിലുടനീളംനിഴലിച്ചുനില്ക്കുക.
പൂജയോടനുബന്ധിച്ച്നടത്തുന്നകളിയിലെചുവടുകൾവളരെലളിതമായിരിക്കും.
ഇത്പരിചയമില്ലാത്തവർക്കുപോലുംകളിയിൽപങ്കെടുക്കാൻ സൗകര്യമേകുന്നു.

കളരിപ്പയറ്റ്

പ്രാചീനകാലംമുതലേകേരളത്തിൽപ്രചാരത്തിലുള്ളആയോധനകലയാണ്കളരിപ്പയറ്റ്.

പ്രാദേശികഭേദങ്ങളുംഅതിനനുസരിച്ചുള്ളവ്യത്യസ്തസമ്പ്രദായങ്ങളുംഇതിനുണ്ട്. അറപ്പക്കയ്യ്, പിള്ളതാങ്ങി, വട്ടേൻതിരിപ്പ്, വല്ലഭട്ട, ഒടിമുറിശ്ശേരി,ദ്രോണമ്പള്ളി, കന്നടിയം,

മോതച്ചെടിതുടങ്ങിയവചിലസമ്പ്രദായവ്യത്യാസങ്ങളാണ്.

മെയ്ത്താരി, കോൽത്താരി, അങ്കത്താരി, വെറുംകൈഎന്നിങ്ങനെനാല്ഘട്ടങ്ങളാണ്കളരിപ്പയറ്റിൽഉള്ളത്.

അഭ്യാസംകൊണ്ട്മെയ്യ്കണ്ണാക്കിശരീരത്തെപാകപ്പെടുത്തുന്നതാണ്മെയ്ത്താരി.

ഇതിൽചുവടുകൾക്കുംവടിവുകൾക്കുമാണ്പ്രാധാന്യം.
മുച്ചാൺ,
പന്തീരാൻതുടങ്ങിയപലവിധംവടികൾഉപയോഗിച്ചുള്ളഅ
ഭ്യാസമുറയാണ്കോൽത്താരി.
ഇതിൽഏറ്റവുംഅപകടകരവുംപ്രധാനവുമായഒന്നാണ്ഒറ്റപ
യറ്റൽ .
“ഒറ്റപയറ്റ്യാൽഒറക്കത്തുംപയറ്റാ“മെന്നചൊല്ലുണ്ടാകുന്നത്ഇ
ങ്ങനെയാണ്. വാൾ, കടാരി,ഉറുമി,
കുന്തംതുടങ്ങിയമൂർച്ചയേറിയആയുധങ്ങൾഉപയോഗിച്ചുള്ള
പയറ്റാണ്അങ്കത്താരി. ഒഴിച്ചിൽ, പ്രത്യേകപൂട്ടുകൾ,
മർമ്മക്കെതുടങ്ങിയവയാണ്പ്രധാനം.
ആക്രമണത്തെക്കാൾപ്രതിരോധത്തിൽഊന്നുന്നഒരുതത്ത്വശാ
സ്ത്രപിൻബലംകളരിപ്പയറ്റിന്കൽപ്പിക്കുന്നുണ്ട്.
നമ്മുടെമിക്കകലകൾക്കുംഇതിനോട്ബന്ധമുണ്ട്.

കളരിപ്പയറ്റ്ധനുർവേദപാരമ്പര്യത്തിലധിഷ്ഠിതമാണെന്നുംക
ളരിപരിശീലനത്തിന്റെഭാഗമായഉഴിച്ചിലുംകളരിചികിത്സ
യും ആയുർവേദപാരമ്പര്യമാണ്എന്നുവിശ്വസിക്കുന്നവരുംഉ
ണ്ട്.

<u>ഉദയംപൂജ</u>

മേടമാസം 1 മുതൽ 10 വരെയുള്ളസമായതാണ്ഉദയംപൂജആചരിക്കുന്നത്. സൂര്യദേവനെആരാധിക്കുന്നതിനുള്ളഒരുപൂജയാണിത്. പത്താമുദയംഎന്നുംഅറിയപ്പെടുന്നു.അപ്പവുംനീരാഞ്ജനദീപവുംപുഷ്പങ്ങളുംപഴവർഗങ്ങളുംവച്ച്സൂര്യഭഗവാനെസ്തുതിച്ച്ഭക്തർ,വായ്ക്കുരവകളുംആർപ്പുവിളികളുമായിതാലങ്ങൾസൂര്യന്നേരെഉയർത്തുന്നതാണ്ഇതിലെപ്രധാനചടങ്ങ് .

പ്രധാനമായുംസ്ത്രീകളാണ്ഉദയംപൂജയിൽപങ്കെടുക്കുന്നത്.

പ്രകൃതിയുമായിഅടുത്തബന്ധംപുലർത്തുന്നഒരുജീവിതരീതി യുടെപ്രതിഫലനമാണ്ഇതിലൂടെനമുക്ക്കാണാനാവുക.

വിദ്യാഭ്യാസം

ഒരു ശതാബ്ദത്തിനു മുമ്പുതന്നെ കല്ലറ ഗ്രാമം വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ പുരോഗതി നേടിയിരുന്നു. ആദ്യകാലങ്ങളിൽ ആശാൻ കള രികൾ എന്നപേരിൽ അറിയപ്പെട്ടിരുന്ന എഴുത്തുപള്ളികൾ, നിശാപാഠ ശാലകൾ തുടങ്ങിയവയായിരുന്നു വിജ്ഞാനസമ്പാദനത്തിനുള്ള കേന്ദ്ര ങ്ങൾ.

കല്ലറ പഞ്ചായത്തിലെ ഇപ്പോഴത്തെ 6-ാം വാർഡിൽ പ്രവർത്തിച്ചിവ രുന്ന കല്ലറ ഗവണ്മെന്റ് പ്രൈമറി സ്കൂളാണ് നാട്ടിലെ ആദ്യത്തെ ഔപ ചാരിക വിദ്യാലയം. അതിനുമുമ്പ് കല്ലറ പഴയപള്ളിക്ക് സമീപം ആരംഭിച്ച എഴുത്തുപള്ളിയാണ് സർക്കാർ ഗ്രാന്റിൻരെ പിൻബലത്തിൽ ഗവണ്മെന്റ് പ്രൈമറി സ്കൂളായി മാറിയത്. ശതാബ്ദി ആഘോഷിച്ച് ഈ സ്കൂൾ ഇന്നും നാട്ടിലെ വിദ്യാർത്ഥികളുടെ വിജ്ഞാനതൃഷ്ണയെ തൃപ്തിപ്പെടു ത്തിക്കൊണ്ടിരിക്കുന്നു. 1924-ൽ ആണ് വശക്കേ കല്ലറയിൽ മാണിക്യം അമ്മ എന്ന മഹതിയുടെ താല്പര്യപ്രകാരം ഒരു മലയാളം മിഡിൽ സ്കൂൾ സ്ഥാപിക്കപ്പെട്ടത്. ഈ സ്കൂളാണ് പിൽക്കാലത്ത് ശ്രീ മാണിക്യ വിലാസം എൻ.എസ്.എസ്.ഹൈസ്കൂളായും ഇപ്പോൾ ഹയർ സെക്കന്ററി സ്കൂളായും മാറിയത്.ഇതിനുംമുമ്പ് 1922-ൽ പ്രസ്തുത വ്യക്തിയുടെ ഉത്സാഹത്തിൽ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചിരുന്നു. ഈ വിദ്യാലയം സർക്കാർ ഏറ്റെടുത്ത് ശ്രീ മാണിക്യവിലാസം ഗവണ്മെന്റ് എൽ.പി. സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്കൂളിന്റെ പ്രഥമാദ്ധ്യ പകനായിരുന്ന ശ്രീ. കെ.ആർ. കൃഷ്ണപിള്ളയുടെ പേര് കല്ലറയുടെ വിദ്യാഭ്യാസ രംഗത്തെ ചരിത്രത്തോട് കൂട്ടി വായിക്കപ്പെടേണ്ടതാണ്.

ദേശീയപ്രസ്ഥാനത്തിന്റെ ആവേശത്താൽ പ്രചോദിതരായ കല്ലറയിലെ വിവിധ സമുദായ സംഘടനകൾ അവരുടെ മേൽനോട്ടത്തിലുള്ള സ്കൂളുകൾ ആരംഭിച്ചു. സെന്റ് തോമസ് ഹൈസ്കൂൾ, ശ്രീശാരദാവിലാസിനി യു.പി. സ്കൂൾ, ഹരിജൻ വെൽഫെയർ സ്കൂൾ എന്നിവ ഇക്കാലത്ത് സ്ഥാപിതമായതാണ്. മേൽ സൂചിപ്പിച്ച സ്കൂളുകളെല്ലാം ആരോഗ്യകരമായ മത്സരബുദ്ധിയോടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെന്നത് ശ്രദ്ധേയമാണ്. കല്ലറയിലെ ഗവണ്മെന്റ് സ്കൂളുകളും ഉയർന്നനിലവാരം പുലർത്തിവരുന്നു. പാഠ്യ-പാഠേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇന്നാട്ടിലെ വിദ്യാലയങ്ങളിലെ കുട്ടികൾ പുരസ്ക്കാരങ്ങൾ വാങ്ങിക്കൂട്ടുന്നതിൽ നമുക്കേവർക്കും അഭിമാനിക്കാം.

ഈ പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം വർഷം ചെല്ലുംതോറും കുറഞ്ഞുവരുന്നുവെന്നുള്ളത് ആശങ്കാജനകമായ വസ്തുതയാണ്. ജനന നിരക്കിലെ കുറവ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം എന്നിവ ഇതിന് കാരണമാകുന്നു. ദൃശ്യ-ശ്യാവ്യ ഉപകരണങ്ങളുടെയും ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ആധുനിക വിജ്ഞാന സങ്കേതങ്ങളുടെ സഹായത്താലും നമ്മുടെ സ്കൂളുകലിലെ പഠനനിലവാരം ഉയർത്തുന്നതിള്ള ആത്മാർത്ഥ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നുള്ളത് ആശാവഹമാണ്. സ്കൂൾ പി.റ്റി.എ. കൾ വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന പി.റ്റി. എ.യുടെ പ്രവർത്തനം ശ്ലാഘനീയമാണ്. പി.റ്റി.എ. കൾ നേരിട്ടും വ്യക്തികൾ മുഖാന്തിരവും ഏർപ്പെടുത്തുന്ന സ്കോളർഷിപ്പുകളും എൻഡോവ്മെന്റുകളും കുട്ടികൾക്ക് പ്രചോദനമാകുന്നുണ്ട്.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി വിദ്യാലയങ്ങളിലെ പാഠ്യരീതിയിൽ വരുത്തിയിരിക്കുന്ന മാറ്റം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളെ സ്വയം വിലയിരുത്തലിന് പ്രാപ്തരാക്കിക്കൊണ്ട് അവനവനിലുള്ള കഴിവുകളെ വികസിപ്പിച്ചെടുക്കുന്നതിനും

പ്രാപ്തരാക്കുന്നുണ്ട്. ശിശുകേന്ദ്രീകൃത പഠനം എന്ന ആശയത്തിലൂന്നിക്കൊണ്ട് അദ്ധ്യാപകൻ വിദ്യാർത്ഥിയുടെ സുഹൃത്തും വഴികാട്ടിയും ആയി മാറുന്ന സ്ഥിതിവിശേഷത്തിലൂടെ പഠനത്തിലുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുന്നതിനും ഇത് വഴിതെളിച്ചു. ക്ലാസ് റൂം പഠനത്തിലൊതുങ്ങി നിൽക്കാതെ ദൈനംദിന ജീവിതത്തിലെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി പരിചയപ്പെടുന്നവിധത്തിലുള്ള പ്രോജക്ട് തയ്യാറാക്കൽ, സ്റ്റഡി ടൂറുകൾ, കാർഷിക മേഖലയിലെ പ്രവർത്തിപരിചയം തുടങ്ങിയവയിലൂടെ ജീവിതനൈപുണ്യം വർദ്ധിപ്പിക്കുന്നതിന് വിദ്യാർത്ഥിയെ പ്രാപ്തനാക്കുന്നു.

കല്ലറപഞ്ചായത്തിലെ സ്കൂളുകൾ

ക്രമ നമ്പർ	സ്കൂളിന്റെ പേര്
1	എസ്.എം.വി.എൻ.എസ്.എസ്.ഹയർ സെക്കന്ററി സ്കൂൾ
2.	എസ്.എം.വി. ഗവണ്മെന്റ് എൽ.പി.സ്കൂൾ
3.	എസ്.എസ്. വി.യു. പി. സ്കൂൾ
4.	കല്ലറ ഗവണ്മെന്റ് എൽ.പി.സ്കൂൾ
5.	സിസ്റ്റർ സാവിയോ പബ്ലിക് സ്കൂൾ
6.	എസ്.കെ.വി. ഗവണ്മെന്റ് യു.പി.സ്കൂൾ
7.	സെന്റ് തോമസ് ഹൈസ്കൂൾ
8.	സെന്റ് സാവിയോ എൽ.പി. സ്കൂൾ
9.	ഗവ.എൽ.പി. സ്കൂൾ
10.	സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ